Book 4 - Vol 1 - Lourdes Pulse - June/July 2013 (4 pages)



### ലൂർദിന് അംഗീകാരം:

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ലൂർദ് ആശുപത്രിയ്ക്ക് അംഗീകാരം ലഭിച്ചിരിക്കുന്ന വിവരം അറിയിക്കട്ടെ. യൂറോളജി, കിഡ്നി മാറ്റിവയ്ക്കൽ എന്നീ വിഭാഗങ്ങൾക്കാണ് ഇപ്പോൾ അംഗീകാരമുള്ളത്.



### ഡോ.അഷുതോഷിന് അംഗീകാരം

കോട്ടയത്ത് നടന്ന മിഡ് കോൺ അനസ്തേഷ്യോളജി കോൺഫ്രൻസിൽ ഡോ.അഷുതോഷ് കുമാറിനെ കേരളത്തിലെ മികച്ച പോസ്റ്റ് ഗ്രാജുവേറ്റ് 2013 ആയി തിരഞ്ഞെടുത്തു. ഇദ്ദേഹത്തിന് 2013 ഒക്ടോബറിൽ പത്തനംതിട്ടയിൽ നടക്കുന്ന സംസ്ഥാന അനസ്തേഷ്യോളജി കോൺഫ്രൻസിൽ വച്ച് 10,000/ക്യാഷ് അവാർഡ് സമ്മാനിക്കുന്നതാണ്.

**LOURDES HOSPITAL**
www.lourdeshospital.in
Ernakulam, Kochi - 682 012, Kerala, India
Tel: +91 484 4123456, 4125555 Fax: +91 484 2393720
email: lourdeshospital@vsnl.com

### ലൂർദ് ക്ലിനിക്ക് പോണേക്കരയിൽ

ഇടപ്പിള്ളിയ്ക്കടുത്ത് പോണേക്കര വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഇടവകയുടെ കീഴിൽ ലൂർദാശുപത്രിയുടെ ഓ.പി വിഭാഗം ആരംഭിച്ചു. ഇടവകയിലെ മുൻവികാരിമാർ ഒരുമിച്ചു തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്ത ക്ലിനിക്ക പോണേക്കര സെന്റ് ജോസഫ് അവശത നിവാരണ സംഘത്തിന്റെ സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്. എല്ലാ ചൊവ്വാഴ്ചയും, വ്യാഴാഴ്ചയും രാവിലെ ഒമ്പതു മുതൽ ഒമ്പതു മണിവരെയാണ് ക്ലിനിക്കിന്റെ പ്രവർത്തനസമയം.




### ലക്ഷദ്വീപിൽ മെഡിക്കൽ ക്യാമ്പ്

പവിഴപ്പുറ്റുകളുടെ നാടായ ലക്ഷദ്വീപിൽ ലൂർദാശുപത്രി കനിവുള്ള ആതുര ശുശ്രൂഷയുടെ നിറസാന്നിദ്ധ്യമായി. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഇ.എൻ.ടി, അസ്ഥിരോഗ വിഭാഗം എന്നിവയിലായി വിദഗ്ധ ഡോക്ടർമാരും നഴ്സുമാരും, പാരാമെഡിക്കൽ സ്റ്റാഫുമടങ്ങിയ സംഘത്തിന് ലൂർദാശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ.ഷൈജു തോപ്പിലും, അസിസ്റ്റന്റ് ഡയറക്ടർ ഫാ.ലോക്സിലി സെബാസ്റ്റ്യനും നേതൃത്വം നൽകി. ചെത്‌ലത് ദ്വീപിലെ ഏകപ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സേവനം ചെയ്യുന്ന നഴ്സുമാർക്കും നഴ്സിങ്ങ് അസിസ്റ്റന്റുമാർക്കും പ്രത്യേക പരിശിലനപരിപാടിയും ലൂർദ് ആശുപത്രി സംഘടിപ്പിച്ചു. കവരത്തി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പുഷ്പാ ക്ലബാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

### ലൂർദ് നഴ്സിങ്ങ് വിദ്യാർത്ഥികൾ ജേതാക്കൾ

നഴ്സിംഗ് കോളേജ് വിദ്യാർത്ഥികളുടെ മധ്യമേഖലാ കായിക മേളയിൽ എറണാകുളം ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് 74 പോയിന്റുമായി ഓവറോൾ ചാംപ്യൻമാരായി. കായിക മേളയിൽ എറണാകുളം, ആലപ്പുഴ ജില്ലകളിലെ 100-ലതികം നഴ്സിങ് വിദ്യാർത്ഥികളാണ് മത്സരിച്ചത്.

### ആദരാഞ്ജലി



**ബിഷപ്പ് പീറ്റർ ചേനപ്പറമ്പിൽ**
ലൂർദാശുപത്രിയുടെ പരിചരണവും ചികിത്സയും ദീർഘകാലത്തോളം ഏറ്റുവാങ്ങിയ ആലപ്പുഴ രൂപതാമെത്രാൻ ഡോ.പീറ്റർ ചേനപ്പറമ്പിൽ ആശുപത്രി ഐ.സി.യുവിൽ കാലം ചെയ്തു. ഡോക്ടർമാർക്കും, നഴ്സുമാർക്കും എപ്പോഴും പ്രശംസകൾമാത്രം നല്കിയിട്ടുള്ള വലിയ ഇടയന് ആദരാഞ്ജലികൾ.



**അനു സി ജേക്കബ്**
ലൂർദ് ലബോറട്ടറി മെഡിസിൻ വിഭാഗത്തിൽ സേവനം ചെയ്ത അനു സി ജേക്കബിന്റെ അകാല വിയോഗത്തിൻ ലൂർദ് കുടുംബം പ്രാർത്ഥനാപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുന്നു.



### അഗാപ്പെ 2013

ചാത്യാത്ത് ഇടവക കുടുംബയോഗം 4,5,7,8 ബ്ലോക്കിന്റെ സ്നേഹകൂട്ടായ്മയ്ക്ക് ലൂർദ് ആശുപത്രി ഓഡിറ്റോറിയം വേദിയായി, ഡയറക്ടർ ഫാ.സാബു നെടുനിലത്ത് ദിവ്യബലിയർപ്പിച്ചു. വിവിധ കലാപരിപാടികൾ സ്നേഹ വിരുന്ന് എന്നിവയ്ക്ക് ലൂർദിന്റെ സമീപ പ്രദേശങ്ങളിലെ കുടുംബയൂണിറ്റിൽപ്പെട്ട അംഗങ്ങൾ സജീവ പങ്കാളികളായി.

printed, published and owned by Lourdes Hospital and printed at Orakle Printers, Kochi - 682018 and published at Cochin - 682 012. Private circulation only

**LOURDES HOSPITAL**
www.lourdeshospital.in

# LOURDES PULSE

A Bulletin of Lourdes Hospital

4 pages
Book 4 Vol 1
June - July. 2013

## SCANNING

Heart Beats
കരുണതൻ കരം നീട്ടി
Page 1

Signature
നഴ്സസ്ദിന ആശംസകൾ
Page 2

Prescription
Page 2

ലൂർദ് നഴ്സസ്ദിനം 2013
ആഘോഷങ്ങൾ
Page 3

നഴ്സുമാർ അവതരിപ്പിച്ച
തെരുവുനാടകം-"നേർക്കാഴ്ച്ച"
Page 3

ജീവിതകാലനേട്ട പുരസ്ക്കാരം
Page 3

News Line
Page 4

നഴ്സസ് ദിനം 2013 - വിശേഷാൽ പ്രതി

HEART BEATS



## കരുണതൻ കരം നീട്ടി തഴുകന്ന കരങ്ങളേ നന്ദി...

ഡോ. ഷാജു ജോർജ്ജ് MD(Psychiatry), DPM

ആധുനിക നഴ്സിംഗിന്റെ സ്ഥാപക എന്നറിയപ്പെടുന്ന ഫ്ളോറൻസ് നൈറ്റിംഗിലിന്റെ ജന്മദിനമായ മെയ് 12,ലോകമെമ്പാടും നഴ്സസ്ദിനമായി ആചരിക്കുന്നു. ആതുര ശുശ്രൂഷാ മേഖലയിൽ മികച്ച സേവനം അർപ്പിക്കുന്ന എല്ലാ നഴ്സുമാർക്ക് ലൂർദ് ആശുപത്രിയിലെ ഡോക്ടർമാർ ഒത്തിരി സ്നേഹത്തോടെയും ആദരവോടെയും നന്ദിയുടെ പൂച്ചെണ്ടുകൾ. എന്ത് കൊണ്ട് നന്ദി. ഈ ചോദ്യത്തിന്റെ പ്രസക്തിയാണ്, ഞാനടങ്ങുന്ന വൈദ്യ സമൂഹത്തിന്റെ സ്വാസ്ഥത്തിനും ഈ ആതുരാലയത്തിൽ നിന്നും സൗഖ്യം നേടി ഭവനങ്ങളിലേക്കു മടങ്ങുന്ന ഓരോരുത്തരുടേയും പ്രസന്നമുഖത്തിനും കാരണം.

രാത്രിയും പകലും കണ്ണിമ വെട്ടാതെ, വിവേകത്തോടെ,കരുണയോടെ, സ്നേഹത്തോടെ ദയാവായ്പോടെ ശുശ്രൂഷിക്കുന്ന ശുഭ്രവസ്ത്രധാരികളായ നമ്മുടെയിടയിലെ ഈ മാലാഖമാരാണ്, ഡോക്ടർമാരുടെയും, രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഹൃദയ സ്പന്ദനങ്ങളെ സാധാരണ നിലയിലാക്കുന്നത്. കർമ്മനിരതരായ അവരിലുള്ള വിശ്വാസമാണ്

> ശുഭ്രവസ്ത്ര ധാരികളായ നമ്മുടെയിടയിലെ മാലാഖമാരാണ്, ഡോക്ടർമാരുടെയും, രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഹൃദയ സ്പന്ദനങ്ങളെ സാധാരണ നിലയിലാക്കുന്നത്.

ഈ ആതുരാലയയത്തിലെ ഓരോ ഡോക്ടറുടെയും ഇവിടെ രോഗ പ്രാപ്തിക്കെത്തുന്ന ഓരോ വ്യക്തിയുടെയും ശ്കതിയും പ്രത്യാശയും. ഈ ആതുരാലയത്തിലെ ഓരോ ഡോക്ടർമാർക്കും അതിലുപരി ഇവിടെ ചികിത്സ തേടിയെത്തുന്ന ഓരോ വ്യക്തിക്കും അവരുടെ കുടുംബാംഗങ്ങൾക്കും ലൂർദ് കുടുംബത്തിലെ എല്ലാവർക്കും ലൂർദ്ദിലെ മാലാഖമാരായ നിങ്ങളോട് പറയുവാനുള്ളത് ആ നന്ദിയും തന്നതിലധികം തിരിച്ചു തരാനുള്ള പ്രയത്നങ്ങളുണ്ടാകുമെന്ന ഉറപ്പും മാത്രമാണ്.

നഴ്സസ് ദിനാഘോഷം നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊരു കാര്യം നമ്മുടെ ഉത്തരവാദിത്വങ്ങളെപറ്റിയും വളർച്ചക്കുതകുന്ന പുത്തൻ തീരുമാനങ്ങളെടുക്കേണ്ടതിന്റെ ആവശ്യകതയെപറ്റിയുമാണ്. നഴ്സിംഗിനെപറ്റി ഫ്ളോറൻസ് നൈറ്റിംഗേൽ പറയുക അത് Finest of fine arts എന്നാണ്. ഒരു ചിത്രകാരനെപോലെയോ ശിൽപിയെ പോലെയോ തികഞ്ഞ അർപ്പണ ബോധത്തോടെ ഈശ്വരൻ കുടിയിരിക്കുന്ന ജീവനുള്ള ശിൽപങ്ങൾ ഒരുക്കുന്ന നഴ്സിംഗ് Finest of fine arts തന്നെയാണ്.



# ആശംസകൾ



**ഫാ. സാബു നെടുനിലത്ത്(ഡയറക്ടർ):** കാരുണ്യത്തെ ഹൃദയത്തോടു ചേർത്തുവച്ച് സ്നേഹത്തെ ഹൃദയത്തോടു ചേർത്തുവച്ച് ഭൂമിയിലെവിടെയും സഞ്ചരിക്കാൻ സന്നദ്ധരായ നഴ്സുമാരേ നിങ്ങൾ കേരളീയരുടെ അഭിമാനമത്രേ. രോഗക്കിടക്കയിൽ കരയുന്നവരുടെയരികിൽ സുവിശേഷവുമായ് എത്തുമ്പോഴെല്ലാം നിങ്ങൾ ദൈവത്തിന്റെ മഹത്വമാണ് പ്രതിഫലിപ്പിക്കുന്നത്. ആശ്വസിപ്പിക്കാൻ അദ്ധ്വാനിക്കുകയും സമാധാനിപ്പിക്കാൻ സംസാരിക്കുകയും സുഖപ്പെടുത്താൻ സ്പർശിക്കുകയും ചെയ്യുന്ന നിങ്ങളുടെ ജീവിതം സർവ്വേശ്വരൻ എന്നും സന്തോഷകരമാക്കി മാറ്റട്ടെ എന്ന് ആശംസ!.



**ഡോ.ഗീത ഫിലിപ്സ്:** ശക്തമായ തിരമാലകളാൽ ആടിയുലയുന്ന വലിയ ഒരു കപ്പൽ പോലെയാണ് ആശുപത്രി. ഒരോ ദിനവും ശാന്തവും സമാധാനപൂർണ്ണവുമായ അന്തരീക്ഷത്തിൽ നാം എത്തിച്ചേരുന്നു. ഇത് സാധ്യമാക്കുന്ന നഴ്സിനോട് നാം ഒത്തിരി കടപ്പെട്ടിരിക്കുന്നു.



**ഡോ.ഷേർളി മാത്തൻ:** ദൈവം നിങ്ങളെ ഏൽപിച്ചിരിക്കുന്ന ആതുര ശുശ്രൂഷയെന്ന ദൈവിക ദൗത്യം ഭംഗിയായി നിർവ്വഹിച്ച് ആശുപത്രിക്കകത്തും പുറത്തും എല്ലാവരുടെയും ആദരവ് പിടിച്ച് പറ്റുകയും ഞങ്ങളോടൊപ്പം രോഗി ശുശ്രൂ ഷയിൽ ഞങ്ങളുടെ വലംകൈയായി പ്രവർത്തിക്കുന്ന സഹോദരീ സഹോദരന്മാർക്ക് ഡോക്ടർ സമൂഹത്തിന്റെ എല്ലാവിധ നന്ദിയും മംഗളങ്ങളും നേരുന്നു.



**റവ.ഡോ.സ്റ്റീഫൻ ആലത്തറ:** കത്തോലിക്കാ സഭയുടെ ആതുര ശുശ്രൂഷയിൽ ഭാഗഭാക്കാകുന്ന എല്ലാ നഴ്സുമാരും, തങ്ങളുടെ സമീപത്തായിരിക്കുന്ന ഓരോ രോഗിയും സ്വന്തമെന്നു കരുതി, വാത്സല്യത്തോടെ സ്നേഹത്തോടെ, ദയയോടെ, അനുകമ്പയോടെ നഴ്സിങ് ശുശ്രൂഷയിൽ ഏർപ്പെടുവാനും ഒരു മകനായി മകളായി സേവനം ചെയ്യുവാനും വിളിക്കപ്പെട്ടിരിക്കുന്നു.



**ഡോ.എച്ച്.കൃഷ്ണമൂർത്തി:** നഴ്സുമാർ രോഗീ ശുശ്രൂഷാ രംഗത്തെ ഏറ്റവും അത്യാവശ്യമുള്ള വിഭാഗമാണ്. നിങ്ങൾ ചെയ്യുന്ന പ്രവൃത്തി നിങ്ങൾക്കു മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു. ആയതിനാൽ നിങ്ങളുടെ സേവനം ചുണ്ടിൽ മന്ദഹാസത്തോടും മനസ്സു നിറയെ സ്നേഹത്തോടും, ഒത്തിരി ക്ഷമയോടും, മനുഷ്യത്വത്തോടും സ്നേഹമസൃണമായ തലോടലിലൂടെയും നിറവേറ്റുക.



**സി.ബർത്തലോമിയ:** രാവും പകലും രോഗികളോടൊപ്പം ആയിരുന്ന് അവരെ ശുശ്രൂഷിച്ച് സൗഖ്യത്തിലേക്ക് നയിക്കുന്നതിൽ വളരെ വലിയ പങ്ക് നഴ്സസ് വഹിക്കുന്നു. ഈ വലിയ ഉത്തരവാദിത്വം അതിന്റെ മഹത്വത്തോടും, അർപ്പണ മനോഭാവത്തോടും കൂടി നിറവേറുന്നുണ്ടോ എന്ന് ആത്മ പരിശോധനചെയ്യുവാനുള്ള ഒരവസരമാണിന്ന്. നഴ്സിംഗ് അതിന്റെ എത്ര ഉയരങ്ങളിലേക്ക് പോയാലും "The spirit of Nursing is Love and the core of Nursing is caring"



**ഫാ.ഷൈജു തോപ്പിൽ:** തങ്ങളുടെ അറിവും അനുഭവങ്ങളും, കഴിവുകളും സംഭാവന ചെയ്യുവാനുള്ള വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ഗുണമേന്മയുള്ള അനുകമ്പാ പൂർണ്ണമായ രോഗി ശുശ്രൂഷ നൽകുക. നിങ്ങൾ കാണുന്നവ വ്യക്തമായി കമ്മ്യൂണിക്കേറ്റ് ചെയ്യണം. സ്നേഹം ശുശ്രൂഷയിലൂടെ പകരാൻ സാധിക്കണം. നല്ല രീതിയിൽ രോഗി ശുശ്രൂഷ കൊടുക്കാൻ നിങ്ങൾക്കു സാധിക്കട്ടെ.



മെയ് 12, 2013



## പ്രഭാതത്തിൽ

ലൂർദ് ആശുപത്രിയിലെ എല്ലാ നഴ്സുമാരും ശുഭ്രവസത്രം ധരിച്ച് പനിനീർപൂക്കൾ കൈകളിലേന്തി പ്രദക്ഷിണം വച്ച് ലൂർദ് ചാപ്പലിലെ ബലിവേദി അലങ്കരിച്ചു. ആഘോഷമായ ദിവ്യബലിക്കുശേഷം ലൂർദിലെ വൈദികർ എല്ലാ നഴ്സുമാരുടെയും കൈകൾ ആശീർവദിച്ചുകൊണ്ട് പ്രാർത്ഥനാ ശുശ്രൂഷ നടത്തി.



## രാവിലെ

ലൂർദിന്റെ പൂമുഖത്ത് സമ്മേളിച്ച ഡോക്ടർമാർ നഴ്സസിന് നല്ല വാക്കിലൂടെയും സമ്മാനങ്ങൾ നൽകിയും ആശംസകൾ അർപ്പിച്ചത് ചുറ്റും കൂടിയ ജനത്തിന് കൗതുക കാഴ്ചയായി.




## വൈകിട്ട്

ചേർന്ന പൊതുസമ്മേളനത്തിൽ ഡോ.സ്റ്റീഫൻ ആലത്തറ മുഖ്യാതിഥിയും ഡോ.കൃഷ്ണമൂർത്തി മുഖ്യപ്രഭാഷണവും നടത്തി. നഴ്സസ് ദിനത്തിന്റ വിഷയാവതരണം, നൃത്തം, സ്കിറ്റ്, സമ്മാനദാനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ദാനം, സ്നേഹ വിരുന്ന് എന്നിവയാൽ സമൃദ്ധമായിരുന്നു സായാഹ്ന ആഘോഷങ്ങൾ.







# ലൂർദ് നഴ്സസ് ദിനം 2013




## കനിവിന്റെ മാലാഖ

*ലൂർദ് ആശുപത്രിയിൽ നാൽപതു വർഷത്തെ നിറസാന്നിദ്ധ്യം കൊണ്ട് നഴ്സിംഗ് സേവനത്തിന്റെ ആർദ്രസ്നേഹം പ്രതിഫലിപ്പിക്കുന്ന സി.മാർഗ്രറ്റ് മേരി പിന്റോയെ ലൂർദ് കുടുംബം ജീവിതകാലനേട്ട പുരസ്കാരം നൽകി ആദരിച്ചു. മംഗലാപുരം സ്വദേശിനിയായ സി.മാർഗ്രറ്റ് മേരി 1972 മുതൽ ലൂർദ് ആശുപത്രിയിലുണ്ട്. നഴ്സിംഗ് വിദ്യാർത്ഥി, സ്റ്റാഫ് നഴ്സ്, വാർഡ്-ഇൻ-ചാർജ്, നഴ്സിംഗ് സൂപ്രവൈസർ, അസിസ്റ്റന്റ് നഴ്സിംഗ് സൂപ്രണ്ട് എന്നീ തലങ്ങളിൽ നഴ്സിംഗ് സേവനത്തിന്റെ മാതൃകയായ സന്യാസിനി ചാരിറ്റി സന്യാസ സഭാംഗമാണ്. നിഷ്കളങ്ക ഭാവത്തോടെ സദാ പുഞ്ചിരിച്ചു കൊണ്ട് എല്ലാവരെയും തലോടുന്ന കനിവിന്റെ മാലാഖയായ സി.മാർഗ്രറ്റ് മേരിയ്ക്ക് ലൂർദ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.*




## നേർക്കാഴ്ച

*നഴ്സസ് ദിനത്തിന്റെ മുഖ്യവിഷയം തെരുവു നാടകരൂപത്തിൽ അവതരിച്ചപ്പോൾ അത് നേർക്കാഴ്ചയായി. അഭിനയ കലയും തങ്ങൾക്ക് വഴങ്ങുമെന്ന് തെളിയിച്ച ലൂർദ് നഴ്സുമാരുടെ പ്രകടനം ആശുപത്രിയുടെ താമരകുളത്തിനു സമീപം കാണാനെത്തിയ ജനത്തിന്റെ കൈയ്യടികൾ വാങ്ങി. മേഴ്സി എം.വി, ജൂഡ് തദ്ദേവൂസ് എന്നിവർ രചനനിർവഹിച്ച തെരുവു നാടകം എയ്ഡ്സ് മാരകരോഗം വിതയ്ക്കുന്ന ആപത്തുകൾ ക്കെതിരെ ജാഗ്രത പുലർത്താൻ ആഹ്വാനം നല്കുന്നതായിരുന്നു. സംവിധാനം - ആതിര ജോർജ്ജ്, ടെൽസൺ ടോമി അഭിനേതാക്കൾ - ടെൽസൺ ടോമി, അഗസ്റ്റിൻ ജിതിൻ, നവിൻ, സ്റ്റെറിൻ, റിബിൻ, ആൽബിൻ, അഞ്ജു, പ്രജീഷ്, സിജൻ, സ്റ്റീവി, റിജോ, ജിൽസ്, ജോസ്.*

### കരുണതൻ കരം നീട്ടി തഴുകുന്ന കരങ്ങളെ നന്ദി...

മദർ തെരേസ പറയുന്നു നമ്മളെത്ര കൊടുക്കുന്നു എന്നതിലല്ല മറിച്ച് കൊടുക്കുന്നതിൽ എത്ര സ്നേഹം ചേർക്കുന്നു എന്നതിലാണ് പ്രസക്തി എന്ന്.
സ്വയം ചോദ്യം ചോദിക്കുന്നതിലൂടെ അറിവും ജ്ഞാനവും സമ്പാദിക്കാം. ഈ വളർച്ചക്കുതകുന്ന മാറ്റങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. പുരോഗതിയിലേക്ക് കുതിക്കുന്ന ഒരു രാഷ്ട്രത്തിന്റെ ആരോഗ്യം കയ്യിലേന്തുന്ന ആതുരശുശ്രൂഷ മേഖലയിലെ മാലാഖമാരേ നിങ്ങളാകണം ആ മാറ്റം. ലോകം കാണാനാഗ്രഹിക്കുന്ന ആ പുത്തനുണർവ്വ്. അതാണ് നമ്മുടെ രാഷ്ട്ര പിതാവ് നമ്മളോട് പറഞ്ഞത്.

**എല്ലാ നഴ്സുമാർക്കും ലോക നഴ്സസ് ദിനത്തിന്റെ മംഗളങ്ങൾ.**